"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

നികുതി വകുപ്പ് - സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് - തിരുവനന്തപുരം ജില്ലാ ഭാഗ്യക്കുറി ഓഫീസ് പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ വാടക കരാർ പുതുക്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (എച്ച്) വകുപ്പ്**

സ.ഉ.(സാധാ) നം.486/2026/TAXES തീയതി,തിരുവനന്തപുരം, 18-06-2026

---

പരാമർശം:- 1. 25.08.2025-ലെ ജി.ഒ.(ആർടി) നം.782/2025/ടാക്സസ്

2. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറുടെ 11.03.2026-ലെ SLTY/5981/2024-MOD1 നമ്പർ കത്ത്

**ഉത്തരവ്**

സംസ്ഥാന ഭാഗ്യക്കുറി വകുപ്പിന്റെ കീഴിലുള്ള തിരുവനന്തപുരം ജില്ലാ ഭാഗ്യക്കുറി ഓഫീസ് പ്രവർത്തിക്കുന്ന കേരള ട്രാൻസ്പോർട്ട് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷന്റെ അധീനതയിലുള്ള തമ്പാനൂർ കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ ബസ് ടെർമിനലിലെ FC-2 കെട്ടിടത്തിന്റെ വാടകക്കരാർ 24.02.2025 മുതൽ 18.02.2026 വരെയുള്ള 360 ദിവസത്തേയ്ക്ക് ₹1,68,780/- (ഒരു ലക്ഷത്തി അറുപത്തി എട്ടായിരത്തി എഴുനൂറ്റി എൺപത് രൂപ മാത്രം) (വാടക ₹1,30,031/- per month + 10% Common area charge + 18% ചരക്ക് സേവന നികുതി) നിരക്കിൽ പുതുക്കുന്നതിന് പരാമർശം (1) ഉത്തരവ് പ്രകാരം സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർക്ക് അനുമതി നല്കിയിരുന്നു.

2. പ്രസ്തുത വാടകക്കരാറിന്റെ കാലാവധി 18.02.2026-ന് അവസാനിച്ച സാഹചര്യത്തിൽ നിലവിലെ നിരക്കിൽ [₹1,68,780/- (വാടക ₹1,30,031/- per month + 10% Common area charge + 18% ചരക്ക് സേവന നികുതി)] 19.02.2026 മുതൽ 13.02.2027 വരെ 360 ദിവസത്തേയ്ക്ക് വാടകക്കരാർ പുതുക്കുന്നതിന് അനുമതി നല്കണമെന്ന് പരാമർശം (2) പ്രകാരം സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

3.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ, തിരുവനന്തപുരം ജില്ലാ ഭാഗ്യക്കുറി ഓഫീസ് പ്രവർത്തിക്കുന്ന കേരള ട്രാൻസ്പോർട്ട് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷന്റെ അധീനതയിലുള്ള തമ്പാനൂർ കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ ബസ് ടെർമിനലിലെ FC-2 കെട്ടിടത്തിന്റെ വാടക

കരാർ നിലവിലെ നിരക്കിൽ [₹1,68,780/- ( ഒരു ലക്ഷത്തി അറുപത്തി എട്ടായിരത്തി എഴുനൂറ്റി എൺപത് രൂപ മാത്രം) (വാടക ₹1,30,031/- per month + 10% Common area charge + 18% ചരക്ക് സേവന നികുതി)] 19.02.2026 മുതൽ 13.02.2027 വരെ 360 ദിവസത്തേയ്ക്ക് പുതുക്കുന്നതിന് സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർക്ക് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**KABEER C A**

അണ്ടർ സെക്രട്ടറി

1. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ, തിരുവനന്തപുരം
2. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ഓഡിറ്റ്) കേരള, തിരുവനന്തപുരം
3. നോഡൽ ഓഫീസർ, സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറുടെ കാര്യാലയം (വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
4. ധനകാര്യ വകുപ്പ് (16.04.2026-ലെ E-3230098/Exp.B1/400/2025-Fin പ്രകാരം)
5. വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
6. കരുതൽ ഫയൽ/ ഓഫീസ് കോപ്പി (TAXES-H1/69/2026-TAXES)

ഉത്തരവിൻ പ്രകാരം

Signed by
Babu G
Date: 18-06-2026 14:09:25

സെക്ഷൻ ഓഫീസർ